(ബി) 2011-12 മുതൽ 2014-15 വരെ സമ്മാന പദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ എന്നിവയ്ക്കായി 26,79,53,886 (ഇരുപത്താറ് കോടി എഴുപത്തൊമ്പത് ലക്ഷത്തി അമ്പത്തിമൂവായിരത്തി എണ്ണൂറ്റി എൺപത്താറ്) രൂപ ചെലവായിട്ടുണ്ട്. 2011-12 മുതൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഇതുവരെയായി 23,24,76,492 (ഇരുപത്തിമൂന്ന് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്താറായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപ ചെലവായിട്ടുണ്ട്. കോർ ബാങ്കിംഗിനുള്ള കരാറിനത്തിൽ 'Nest' എന്ന കമ്പനിക്ക് ഇതുവരെയും 1,99,68,393 (ഒരു കോടി തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റിമൂന്ന്) രൂപ ചെലവായിട്ടുണ്ട്. മേൽ കാണിച്ചിട്ടുള്ള ഇനങ്ങൾക്കായി ആകെ 52,03,98,771 (അമ്പത്തിരണ്ട് കോടി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയെണ്ണായിരത്തി എഴുന്നൂറ്റി എഴുപത്തിയൊന്ന്) രൂപ ചെലവായിട്ടുണ്ട്.

(സി) പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) സമ്മാന പദ്ധതിയെപ്പറ്റി ഒരുതരത്തിലുള്ള ആക്ഷേപവും ശ്രദ്ധയിൽ പെട്ടിട്ടില്ല.

ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

52 (3153) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചു കിട്ടിയ ജീവനക്കാർക്ക് പ്രസ്തുത തുക കൊണ്ട് വീട് പണി പൂർത്തിയാക്കാൻ കഴിയാതെ വരുന്നതും ആധാരം ഗവൺമെന്റിലേയ്ക്ക് രജിസ്റ്റർ ചെയ്യപ്പെടുന്നതിനാൽ മറ്റ് ലോണുകളൊന്നും ലഭ്യമാവാത്ത സ്ഥിതി നിലനിൽക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എച്ച്.ബി.എ. അനുവദിച്ചു കിട്ടുന്നതിന് സർക്കാരിലേക്ക് രജിസ്റ്റർ ചെയ്തു നല്കിയ ആധാരങ്ങൾ വെച്ച് വസ്തുവിന്റെ വാല്യു അടിസ്ഥാനത്തിൽ മറ്റ് ലോണുകൾ (ഹൗസിംഗ്) എടുക്കുന്നതിന് അനുമതി നല്കുന്ന കാര്യം പരിശോധിച്ച് നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 31-7-1991-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 436/91/ധന., 22-7-1999-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 1610/99/ധന., 11-2-2008-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 76/08/ധന., 18-2-2013-ലെ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് (അച്ചടി) നമ്പർ 87/2013/ധന. എന്നീ ഉത്തരവുകൾക്ക് വിധേയമായി സർക്കാരിലേയ്ക്ക് രജിസ്റ്റർ ചെയ്യുനൽകിയ ആധാരങ്ങൾ വച്ച് അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടിവരെ (പരമാവധി 25 ലക്ഷം രൂപ) സെക്കന്റ് മോർട്ട്ഗേജായി അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ലോണുകൾ എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

53 (3154) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റിലും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷം പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അത് ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളിലായി പ്രസ്തുത ബോർഡിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും, ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻവഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്രവീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെയും ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരമാണ് ഈ ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ ഈ ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്നതിനായുള്ള പ്രത്യേക പ്രഖ്യാപനങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം ഓരോ വർഷവും ക്ഷേമനിധിയിൽ അംശദായമായി ലഭിക്കുന്ന തുകയുടെ 2%-ത്തിന്

LIBRARY ARCHIVES Kerala Legislative Assembly